<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4602</u> <u>10-08-2021 - ൽ മറുപടിയ്ക്ക്</u>

<u>ഗതാഗത നിയമ ലംഘനങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ-സംസ്ഥാന പാതകളിൽ കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ ഗതാഗത നിയമ ലംഘനം കണ്ടുപിടിക്കുന്നതിന് എന്തൊക്കെ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ? | (എ) | ദേശീയ പാതകളിൽ കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ ഗതാഗത നിയമ ലംഘനം കണ്ടുപിടിക്കുന്നതിന് പോലീസ്, മോട്ടോർ വാഹന വകുപ്പുകൾ, ANPR ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. പോലീസ് വകുപ്പിന്റെ ഹൈവേ പോലീസ് ഡിവിഷനും, മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിംഗും ദേശീയ-സംസ്ഥാന പാതകളിൽ സീറ്റ് ബെൽറ്റ്/ഹെൽമെറ്റ് എന്നിവയുടെ പരിശോധന നടത്തുകയും, സിഗ്-സാഗ് ഡ്രൈവിംഗ്, മദ്യപിച്ച് വാഹനമോടിക്കൽ പോലെയുള്ള ട്രാഫിക് നിയമലംഘനങ്ങൾ എന്നിവ പിടിക്കാറുമുണ്ട്. കൂടാതെ ജംഗ്ഷനുകളിൽ ANPR ക്യാമറകൾ മുഖേന ചുവന്ന ലൈറ്റ് ലംഘനങ്ങൾക്ക് പിഴ ചുമത്താറുണ്ട്. മുൻ വർഷങ്ങളിലെ അപകടങ്ങൾ അപഗ്രഥിച്ച്, സംസ്ഥാനത്തെ ഏറ്റവും അപകടസാധ്യത കൂടിയ ഇടങ്ങളായ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി, ഇവിടങ്ങളിൽ നിയമലംഘനം കണ്ടുപിടിക്കുന്നതിന് സംവിധാനങ്ങൾ ക്രമീകരിച്ചുവരുകയാണ്. സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ സ്ഥാപിച്ച് ലോക ബാങ്കിന്റെ സഹായത്തോടെ നിർമിച്ച മാതൃകാ സുരക്ഷാ വീഥിയാണ് അടൂർ മുതൽ കഴക്കൂട്ടം വരെയുള്ള സുരക്ഷാ വീഥി എന്ന പദ്ധതി. ഇവിടെ നിയമലംഘനങ്ങൾ പരിശോധിക്കാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന 8 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും അവർക്ക് വേണ്ടുന്ന എൻഫോഴ്സ്മെന്റ് ഉപകരണങ്ങളും നൽകിയിട്ടുണ്ട്. ചലഞ്ച് ഫണ്ട് ഉപയോഗിച്ച് വൈപ്പിൻ മുതൽ - മുനമ്പം വരേയും (എറണാകുളത്തെ ഇ-യാത്ര പദ്ധതി) മെഡിക്കൽ കോളേജ് മുതൽ - പേട്ട വരേയും (തിരുവനന്തപുരം ജില്ല), കൊട്ടിയം മുതൽ - കുണ്ടറ വരേയും (കൊല്ലം ജില്ല), പാവങ്ങാട് മുതൽ - |

| | | | |
|---|---|---|---|
| | | | കോരപ്പുഴ വരേയും (കോഴിക്കോട് ജില്ല) സുരക്ഷാ വീഥി പദ്ധതികൾ നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ